4:11 E8 BHASA KARNABHARAM RAMAN NAMBUDRI

032:2N04:11
E8

032:2N04:11 E8
RAMAN NAMBUDRI
(A.E.V.).
Basha karna bharam.
51127
MUL
051127

DOCTRINA VIM PR[...] INSITAM

## Madras University Library.

### Date Label.

Ac. No. 51127 Cl. No. 032:2N
E

This book should be returned on or be[fore]
the date last marked below.

Bhasha Karnabharam
Bhasa

# ഭാഷാകൎണ്ണഭാരം

(മഹാകവിഭാസന്റെ സംസ്കൃതരൂപകത്തെ ഭാഷാന്തരപ്പെടുത്തിയതു്)

ഗ്രന്ഥകൎത്താ
ആയാംകുടി ഇ. വി. രാമൻനമ്പൂതിരി
കടുത്തുരുത്തി

Printed at the Lakshmee Sahayam Press,
Kottakal.

N. B. ഗ്രന്ഥകാരന്റെ അടയാളം ഇല്ലാത്ത പ്രതി വ്യാജമുദ്രിതമായി വിചാരിക്കപ്പെടും.

UNIVERSITY LIBRARY
MADRAS

5121
032:3N04;11
E8

# അവതാരിക

—o—

'ഭാസനാടകചക്ര'ത്തിൽപ്പെട്ട ഒരു ചെറിയ രൂപകമാണ് കർണ്ണഭാരം. ആകൃതികൊണ്ടു ഹ്രസ്വമെങ്കിലും, ആന്തരമായി നോക്കുമ്പോൾ ദീർഘമായ ഈ കൃതിയെ ഭാഷാന്തരീകരിച്ചിരിക്കുന്നതു് എന്റെ ഒരു മാന്യമിത്രവും, പ്രസിദ്ധഭാഷാഭിമാനിയും, സഹൃദയശിരോമണിയും ആയ ആയാംകുടി ഈ. വി. രാമൻനമ്പൂതിരി അവർകളാണ്. രാമൻനമ്പൂതിരിയെ ഞാൻ ബാല്യംമുതൽക്കുതന്നെ അറിയും. സാഹിത്യസരണിയിൽ ഇദ്ദേഹത്തിന്റെ സത്വരമായ പുരോഗമനം എന്നെ പലപ്പോഴും ആനന്ദിപ്പിക്കയും, ആശ്ചര്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. എന്നിരുന്നാലും, ഇത്ര ഭംഗിയായി കർണ്ണഭാരം തർജ്ജമ ചെയ്യുന്നതിന്നു് ഈ യുവാവിനു സാധിക്കുമെന്നു് ഇതു വായിച്ചതിന്നുശേഷമേ ധരിക്കുവാനിടവന്നുള്ളൂ. 'ഭാഷാകർണ്ണഭാരം' ഒരു തർജ്ജമയായല്ല, സ്വതന്ത്രകൃതിയെന്നു സഹൃദയന്മാർക്കു തോന്നും. ഇതിലധികമായ ഒരു ഉൽകർഷം ഒരു തർജ്ജമക്കും സിദ്ധിക്കേണ്ടതില്ലെന്നു പറയേണ്ടതില്ലല്ലോ. ഉദാഹരണത്തിനു സ്ഥാലീപുലാകന്യാ

യെന്ന ഒരു ശ്ലോകം ഉദ്ധരിക്കാം:—

“നന്നായുള്ളമൃതൊത്ത പാലനുദിനം
വർഷിപ്പതായർത്ഥികൾ-
ക്കെന്നാലും കൊതിതീർപ്പതായ്, തരുണ-
മായത്യന്തസംശുദ്ധമായ്,
പൊന്നാൽ കൊമ്പുപൊതിഞ്ഞു, വത്സഗണമൊ-
ത്തഞ്ചുന്ന ഗോമണ്ഡലം
തന്നാലായതു തൃപ്തിയെങ്കിലവിടെ-
ക്കോരായിരം ഞാൻ തരാം”

ഇങ്ങിനെ അധികം തർജ്ജിമകൾ ഭാഷയിലുണ്ടായിട്ടില്ല. അല്പാരംഭം ക്ഷേമകരമെന്നു ധരിച്ചിരിക്കുന്ന ഈ കവി ഇനിയും ഇതിനെക്കാൾ വലുതായ സംസ്കൃതഗ്രന്ഥങ്ങൾ തർജ്ജിമ ചെയ്തു മാതൃഭാഷക്കു സമ്പത്തുവർദ്ധിപ്പിക്കുവാൻ പ്രയത്നിക്കുന്നതിനു ജഗന്നിയന്താവു കടാക്ഷിക്കുമാറാകട്ടെ!

Trivandaram
10th Novembeor 1918

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ
(ഒപ്പ്)

———

UNIVERSITY LIBRARY
1? APR. 1929
MADRAS

# മുഖവുര

എല്ലാംകൊണ്ടും ചെറുതരത്തിലുള്ള ഈ ഭാഷാന്തരത്തെ പ്രസിദ്ധീകരിക്കുന്നതിന് 'ഒരു മുഖവുര' ആവശ്യമില്ലെന്ന് എനിക്കു നല്ലപോലെ അറിയാം. എന്നിട്ടും, ഇങ്ങനെ ഒന്നെഴുതേണ്ടിവന്നതു് ഇത്രമാത്രംകൊണ്ടാണ്; ശ്രീഭാസമഹാകവിയുടെ ശോഭായമാനങ്ങളായ ത്രയോദശരൂപകങ്ങളിൽ പെട്ട കർണ്ണഭാരത്തെ ഭാഷാന്തരീകരിക്കുന്നതിൽ എന്നെ പ്രോത്സാഹിപ്പിച്ചത് സൽകവിയും സഹൃദയനുമായ കവനകൌമുദീപത്രാധിപർ പി. വി. കൃഷ്ണവാര്യരവർകളാണ്. അദ്ദേഹംതന്നെയാണ് ഈ ചെറുകൃതിയുടെ മുദ്രണവിഷയത്തിൽ മനസ്സുവെച്ചിട്ടുള്ളതും. ആ സ്സഹൃന്മണിയോട് എനിക്കുള്ള അകൃതകമായ കൃതജ്ഞതാപ്രകടനത്തിന് ഇതിലധികം ഉചിതമായ സന്ദർഭം കിട്ടുന്നതല്ലല്ലോ.

ഇനിപ്പറവാൻ പോകുന്നതു് ഇതിന്മുമ്പെ പറയേണ്ടതായിരുന്നു. ഈ തർജ്ജമയെ സദയം പരിശോധിച്ചു് എനിക്കു സ്വപ്രത്യയസ്ഥൈര്യ

വും സാഹിത്യപരിശ്രമത്തിൽ സൌഹിത്യവും വർദ്ധിക്കത്തക്കവണ്ണം വാത്സല്യസംവലിതമായ ഒരവതാരിക എഴുതിത്തന്ന പരാരാധനപണ്ഡിതൻ, ഇക്കാലത്തെ ഭാഷാസാഹിത്യചക്രവൎത്തി, എന്റെ വന്ദ്യസുഹൃന്മണി ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകളുടെ അനുഗ്രഹബുദ്ധിക്കു സവിനയവും സാദരവുമായ നമോവാകം പറഞ്ഞു് എന്റെ കൃതജ്ഞതയെ പ്രകാശിപ്പിക്കാതിരിപ്പാൻ പാടുള്ളതല്ല. ആ കൃത്യവും ഈ മുഖവുരയിൽ സാധിച്ചുകൊണ്ടു വിരമിക്കുന്നു.

ആഢാംകുടി } ഇ. വി. രാമൻനമ്പൂതിരി
17—4—94 } (ഗ്രന്ഥകൎത്താ)

## കഥാപാത്രങ്ങൾ

കൎണ്ണൻ— കൌരവസേനാനി
ശല്യൻ— കൎണ്ണന്റെ തേരാളി
ശക്രൻ— കപടബ്രാഹ്മണൻ
ദേവദൂതൻ— ഇന്ദ്രനാൽ അയക്കപ്പെട്ട ബ്രാഹ്മണവേഷധാരി
ഭടൻ— ദുൎയ്യോധനദാസൻ

UNIVERSITY LIBRA[RY]
APR. 19?9
MADRAS

# ഭാഷാകണ്ഠാഭരണം
## ണ്ണ

അനന്തരം നാന്ദിയുടെ അവസാനത്തിൽ
സൂത്രധാരൻ പ്രവേശിക്കുന്നു.

സൂത്രധാരൻ—

ആകാരം നരസിംഹമാക്കി, യസുര-
ന്മാർക്കും, നരന്മാർക്കുമാ-
നാകാവാസിജനത്തിനും, ഭയഭരം
പാതാളലോകത്തിനും
ഏകാനും, നഖവിദലദ്ദൈത്യപതിഹൃ-
ത്താകാനുമാളായൊരാ-
ശ്രീകാന്തൻ ബലമേല്പുവാൻ നിയതമീ
നിങ്ങൾക്കു താങ്ങാകണം. ൧

മഹാത്മാക്കളായ സഭാവാസികളോടു ഞാൻ ഇപ്രകാരം അറിവിപ്പാൻ ഭാവിക്കുന്നു. ആഹാ! ഞാൻ അറിവിപ്പാൻ ബദ്ധപ്പെട്ടു നില്ക്കുമ്പോൾ, എന്തോ ഒരൊച്ച കേൾക്കുന്നുവല്ലോ! എന്തായിരിക്കും! ആവട്ടെ, അറിയാം.

(അണിയറയിൽ)

ഏടോ! ഏടോ! അറിയിക്കൂ, മഹാരാജാ
വായ അംഗേശ്വരനോടറിയിക്കൂ!!

സൂത്രധാരൻ—ഓഹോ! മനസ്സിലായി,

തുടങ്ങിയപ്പോൾ തുമുലം സമീകം
ദുര്യോധനൻ തന്നുടെയാജ്ഞയാലെ
തദീയദാസൻ തൊഴുകൈയുമായ് സം-
ഭ്രമിച്ചണഞ്ഞുന്നിതു കണ്ണുനാടായ്. ൨

(പോയി)

പ്രസ്താവനകഴിഞ്ഞു

---

(ഉടനെ ഒരു ഭടൻ പ്രവേശിക്കുന്നു)

ഭടൻ—ഏടോ! ഏടോ! അറിയിക്കൂ, മഹാരാജാ
വായ അംഗേശ്വരനോടു യുദ്ധം തുടങ്ങാറാ
യിപ്പോയി എന്നറിയിക്കൂ!

ആന തേർ കുതിരയെന്നിവകളെപരി മോദ-
മോടു മദവും മഹാ-
മന്നവേശ്വരർ മുഴക്കിയിപ്പൊഴുതു സിംഹ-
നാദമതിഭീതിദം

ആ നരദ്ധ്വജപുരോഭുവി; ദ്രുതമഭിശ്രു-
താഹിതനിനാദനാ-
യുന്നമററ പടയോട്ടുകൂടിയടരിന്നടു-
ത്തിതു സുയോധനൻ. ൩

(ചുററിനടന്നു നോക്കീട്ടു്)

യുദ്ധത്തിനുള്ള എല്ലാ ഒരുക്കങ്ങളോടുംകൂടി, ശല്യരാജനൊന്നിച്ചു്, ഈ അംഗരാജൻ സ്വഗൃഹത്തിൽനിന്നു പുറപ്പെട്ടു് ഇങ്ങോട്ടുതന്നെ വരുന്നുവല്ലോ. അഹോ! യുദ്ധോദ്യുക്തനും വീരശിഖാമണിയുമായ ഇദ്ദേഹത്തിന്നു മുമ്പെ ഒരിക്കലും കണ്ടിട്ടില്ലാത്ത ഏ ഭയപരിതാപമെന്താണു്?

ഇതാ,—

യുദ്ധത്തിലുജ്ജ്വലമഹസ്സു്, ധീരശൌര്യമു-
ദ്ധതമെന്നിവയെഴും ബുധനായ കർണ്ണൻ
വേനൽക്കു കൊണ്ടൽനിര മൂടിയ ദീപ്തിമാനാ-
മർക്കന്റെമട്ടധികമാധിയൊടാഗമിപ്പൂ. ൪

ഞാനും പോയ്ക്കളയാം (പോയി)

(അനന്തരം മുമ്പറഞ്ഞ വേഷത്തിൽ കർണ്ണനും ശല്യനും പ്രവേശിക്കുന്നു)

കർണ്ണൻ—

ആണത്തവും പുണ്യവുമററ ധരേശരെന്റെ
ബാണങ്ങളാം തൻവഴിയിൽ മന്നു നിരന്നിടായ്വൻ

കാണപ്പെട്ടുന്നിതടരിൽ കപികേതുവെങ്കിൽ
പ്രാണപ്രിയം കുരുകുലത്തിനുയർത്തിടും ഞാൻ. ൫

ശല്യരാജ! ആ അർജ്ജുനൻ എവിടെയാണോ,
അവിടേക്കുതന്നെ എന്റെ തേർ തെളി
യ്ക്കു!
ശല്യൻ— അങ്ങിനെയാകട്ടെ (തേർ തെളി
ക്കുന്നു)

കർണ്ണൻ— ആശ്ചര്യംതന്നെ!

അന്നെവസ്തു തമ്മിലുടൽകീറിയ യോധരും, വൻ–
തേരശ്വമാനയുമെഴുന്നോരടർക്കളത്തിൽ
കോപിച്ച കാലനെതിരാമരിരാർന്ന ഞാനും
യുദ്ധം മുതിർന്നസമയത്തിത ഖേദമേൽപ്പൂ! ൬

(വിചാരം) അഹോ കഷ്ടം!!

രാധേയനെന്ന നാമത്തോ–
ടുണ്ടായ് ഞാൻ പണ്ടു കുന്തിയിൽ;
ധർമ്മജാദികളപ്പാണ്ഡു–
പുത്രരെൻ കീഴിലുള്ളവർ. ൭

ഇതാണു മേന്മേൽ തെളിവാർന്ന കാല,മീ–
യിതാണു കല്യാണഗുണം പെറും ദിനം,
തഥാപി മാതാവു തടഞ്ഞതോർക്കയാൽ
വൃഥാ ഭവിച്ചു മമ ശസ്ത്രവിക്രമം. വൃ

(സ്പഷ്ടം) അല്ലയോ മദ്രരാജ! എന്റെ അസ്ത്രത്തിന്റെ കഥ കേട്ടാലും!

ശല്യൻ—ആ കഥ കേൾക്കുന്നതിന്ന് എനിക്കും കൌതുകമുണ്ട്.

കൎണ്ണൻ—ആദ്യംതന്നെ ഞാൻ ശ്രീപരശുരാമന്റെ അടുക്കലേക്കു ചെന്നു.

ശല്യൻ—പിന്നെ, പിന്നെ;

കൎണ്ണ—പിന്നെ,

മിന്നൽക്കൊടികൾ കിടയാം ജട ചൂടിടുന്നോ,-
നെന്നല്ല നല്ലൊളി പെറും മഴുവേന്തിടുന്നോൻ,
മന്നോർക്കു കാല,നൃഷി ഭാർഗ്ഗവനായ രാമൻ_
തന്നന്തികത്തിൽ വിനമിച്ചു വണങ്ങിനിന്നേൻ

ശല്യൻ—പിന്നെ, പിന്നെ;

കൎണ്ണൻ—പിന്നെ, ജാമദഗ്ന്യനായ അദ്ദേഹം എനിക്കാശിസ്സു നൽകി, "അങ്ങാരാണ് എന്തിനാണിവിടെ വന്നത്" എന്നു ചോദിച്ചു.

ശല്യൻ—എന്നിട്ടോ, എന്നിട്ടോ;

കൎണ്ണൻ—"ഭഗവാനേ! അവിടുന്നെന്നെ എല്ലാ അസ്ത്രങ്ങളും പഠിപ്പിച്ചാൽ കൊള്ളാമെന്ന് ഞാനാഗ്രഹിക്കുന്നു" എന്നു ഞാൻ പറഞ്ഞു.

ശല്യൻ—പിന്നീട്, പിന്നീട്;

കർണ്ണൻ—പിന്നെ, ഭഗവാൻ എന്നോടിങ്ങിനെ പറഞ്ഞു:

ബ്രാഹ്മണർക്കേ ഞാനുപദേശം നൽകുകയു ള്ളൂ. ക്ഷത്രിയൎക്ക നൽകുന്നതല്ല.

ശല്യൻ—ഭഗവാന് ക്ഷത്രിയന്മാരോടുള്ള പൂർവ്വ വൈരം തീൎന്നിട്ടില്ലല്ലോ. പിന്നെ, പിന്നെ;

കർണ്ണൻ—ഞാൻ പിന്നെ ക്ഷത്രിയനല്ലെന്നു പ റഞ്ഞു് അസ്ത്രോപദേശം സ്വീകരിപ്പാൻ തുടങ്ങി.

ശല്യൻ—പിന്നെ, പിന്നെ;

കർണ്ണൻ—അനന്തരം കുറച്ചുകാലം കഴിഞ്ഞു്, ഒ രിക്കൽ, കായ്, കിഴങ്ങ്, ചമത, പുല്ല്, പൂവ് മുതലായവ കൊണ്ടുവരുന്നതിനായി, ഗുരു പോയപ്പോൾ ഞാനും ഒന്നിച്ചുപോ യി. അതിന്റെ ശേഷം, ഗുരു കാട്ടിൽ നട ന്നു വല്ലാതെ ക്ഷീണിച്ചതിനാൽ എന്റെ മടിയിൽ കിടന്നുറങ്ങി.

ശല്യൻ—പിന്നെയോ, പിന്നെയോ;

കർണ്ണൻ—പിന്നെ,

കാലമവെഭവ;മിവന്റെയുരുമൊരു വജ്ര-
വക്ത്രകൃമി കീറിയു-
ള്ളോരുവേദന വരുത്തി; നിദ്രയുടെ ഭംഗ-
മോർത്തതു സഹിച്ചു ഞാൻ;

തെല്ലടച്ചു നിണമേൽക്കയാലുടനുണർന്ന

മൽഗ്ഗുരു ശപിച്ചു—"തേ

കാലാന്തത്തുമല്ലുവന്നു വന്ധ്യ"മിതി, സത്യ-

വിജ്ഞനതിരുഷ്ടനായ്. ൧൦

ശല്യൻ—അഹോ! ഭഗവാൻ വല്ലാതെ ശപിച്ചു കളഞ്ഞതല്ലോ!

കർണ്ണൻ—അസ്ത്രത്തിന്റെ സ്ഥിതി ഞാനിപ്പോൾ പരീക്ഷിച്ചുകളയാം. (അങ്ങിനെ ചെയ്തിട്ട്) ഈ അസ്ത്രങ്ങൾ ദുർബ്ബലങ്ങളെന്നപോലെ കാണപ്പെടുന്നു. എന്നുതന്നെയല്ല,

ദീനത്വം ബത! പാരമാർന്നവശമായ്

കൺചിമ്മിയങ്ങിങ്ങുവെ-

ച്ചീ നിൽക്കുന്ന തുരംഗമങ്ങൾ വിറപൂ-

ണ്ടീടുന്നു സാദത്തിനാൽ;

ദാനപ്രസ്രുതിമൂലമേഴിലമണം

ചേണുറവ പൂണുന്നൊരീ-

യാനക്കൂട്ടവുമാജി ഹന്ത! മതിയെ-

ന്നോതുംവിധം താന്തമായ്.

ശംഖ്, പെരിമ്പറ, എന്നിവയും മുഴങ്ങുന്നില്ല.

ശല്യൻ—അഹോ! ഇതു വലിയ കഷ്ടമായല്ലോ!!

കർണ്ണൻ—വേണ്ട, ശല്യരാജ! വിഷാദിക്കേണ്ട!

മരിച്ചുവെങ്കിൽ ത്രിദിവം ഗമിക്കാം,
സ്ഫുരിച്ചിടും പേർ വിജയിക്കിൽ നേടാം,
പാരിൽ പരം മാന്യമിവറ്റ രണ്ടും;
പോരിൽ ഫലം കിട്ടിടുമേതുമട്ടും.

അത്രമാത്രമല്ല,

നൽക്കാംബോജകുലോൽഭവ-
ത്തുരക്കാളും ഗതിയിൽ വിജിതവിഷ്ണുരഥർ,
ഉൾക്കൊതി പോരിന്നലഴന്നവ-
ശികളതിരകൾതാൻ തുണയ്ക്കുമെമ്മട്ടും. എന്നു

പശുക്കൾക്കും, ബ്രാഹ്മണർക്കും മംഗളം ഭവിക്കട്ടെ! പതിവ്രതമാർക്കു മംഗളം ഭവിക്കട്ടെ! 'യുദ്ധത്തിൽ പിന്തിരിയാത്ത രണശൂരന്മാർക്കു മംഗളം ഭവിക്കട്ടെ! സമരസമുദ്യുക്തനായ എനിക്കു മംഗളം ഭവിക്കട്ടെ!

ഇതാ, ഈ ഞാൻ പ്രസന്നനായിട്ടു ഭവിക്കുന്നു.

ശത്രുക്കൾക്കുള്ള യുദ്ധക്കളരിയുടെ നടു-
ക്കെത്തി ഞാനതൽചേർത്തി-
ട്ടുത്തർത്ഥം നന്മതേടും പിതൃപതിസുതനെ-
ക്കെട്ടിയാപ്പുട്ടിയേപ്പോൽ,

കൂർത്തുള്ളോരമ്പിനാലാവിജയനെയവനി-
ത്തട്ടിൽ വീഴിച്ചു, സിംഹം
ഛത്തമ്പും കാടൊടൊപ്പം സുഗമതരമതായ്
തീർക്കുമവൻ പോർക്കളത്തെ. ൧൪

ശല്യരാജ! എന്നാൽ നമുക്കു തേരിൽക്കയറാം.

ശല്യൻ—അങ്ങനെയാകട്ടെ (രണ്ടുപേരും തേ-
രിൽ കയറുന്നതായി നടിക്കുന്നു)

കർണ്ണൻ— ശല്യരാജ! ആ അർജ്ജുനൻ എവിടെ
യാണോ, അവിടെയ്ക്കുതന്നെ എന്റെ തേർ
തെളിക്കു!

(അണിയറയിൽ)

അല്ലയോ കർണ്ണ! ഞാൻ മഹത്തരമായിരിക്കുന്ന്
ഭിക്ഷയെ യാചിക്കുന്നു.

കർണ്ണൻ—(കേട്ടിട്ട്) ഓഹോ! ഒച്ച വളരെ ശക്തി
യുള്ളതായിരിക്കുന്നു.

യോഗ്യൻതാനീമനുഷ്യൻ വെറുമൊരു ധരണീ-
ദേവനല്ലോർത്തു കണ്ടാ-
ലത്യർത്ഥം ധീരമാം തന്മധുരരവമിതാ
കേട്ടു മദ്വാജിവൃന്ദം
കർണ്ണം വാട്ടം പിടിച്ചാനയനയുഗമന-
ക്കാതെയഗ്രാനനത്തേ-
ക്കണ്ണന്തിൽ ചേർത്തു ചിത്രാകൃതിയൊട്ടു നിലകൊ-
ള്ളുന്നു വല്ലാതെ പോകിൽ. ൧൫

ആ ബ്രാഹ്മണനെ വിളിക്കു! വേണ്ട, വേണ്ട, ഞാൻതന്നെ വിളിക്കാം. ഭഗവൻ ഇവിടെ, ഇവിടെ,

(അനന്തരം ബ്രാഹ്മണരൂപത്തോടുകൂടി ശക്രൻ പ്രവേശിക്കുന്നു)

ശക്രൻ— അല്ലയോ മേഘങ്ങളെ! നിങ്ങൾ സൂൎയ്യനോടുകൂടിത്തന്നെ തിരിച്ചുപോയ്ക്കൊൾവിൻ. (കൎണ്ണന്റെ അടുത്തുചെന്നിട്ടു്) അല്ലയോ കൎണ്ണ, ഞാൻ മഹത്തരമായിരിക്കുന്നഭിക്ഷയെ യാചിക്കുന്നു.

കൎണ്ണൻ— ഭഗവൻ! അങ്ങിനെയാകട്ടെ, ഞാൻ പ്രീതനായി ഭവിക്കുന്നു.

ഭൂമീന്ദ്രർ ചൂടിന മുടിപ്രഭയാൽ വിളങ്ങും
കാലും, ദ്വിജേന്ദ്രപദപത്മപരാഗപൂതം
മൂർദ്ധാവുമേന്തുമൊരു കൎണ്ണനിവൻ ഭവാനെ_
ബ്ഭക്ത്യാ നമിച്ചിതു! കൃതാർത്ഥത പൂണ്ടിടുന്നു.

ശക്രൻ—(വിചാരം) ഞാനെന്താണു് പറയേണ്ടതു്! ദീർഘായുസ്സായി തീരട്ടെ എന്നു പറഞ്ഞാൽ അങ്ങിനെയായിത്തീരും. അങ്ങനെ പറഞ്ഞില്ലെങ്കിൽ ഞാൻ മൂഢനാണെന്നു പരിഭവിക്കപ്പെടുകയും ചെയ്യും. അ

ളുകൊണ്ടുരണ്ടിനും ഇടവരുത്താതെ എന്താണ് പറയേണ്ടതു്. ആട്ടെ, ഇങ്ങിനെ പറയാം. (സ്പഷ്ടം) അല്ലയോ! കർണ്ണ സൂൎയ്യനെപ്പോലെയും ചന്ദ്രനെപ്പോലെയും, ഹിമവാനേപ്പോലെയും, സമുദ്രത്തെപ്പോലെയും നിന്റെ യശസ്സു നിലനില്ക്കട്ടെ!

കർണ്ണൻ—ഭഗവൻ! എന്താണ് "ദീർഘായുഷ്മാനായി ഭവിക്കട്ടെ" എന്നു പറയാത്തതു്? പക്ഷേ, ഇതുതന്നെയാണ് ശോഭനമായിട്ടുള്ളതു്. എന്തെന്നാൽ;

ധർമ്മം കിണഞ്ഞു നരർ നേടണമിങ്ങു; പാമ്പിൻ-
നാവിൻകിടക്കു ചപലം നരപാലപട്ടം;
ലോകാവനം കരുതി വാഴ്കിലിവപുസ്സു
പോകുമ്പൊഴും ഗുണഗണം നിലനില്ക്കുമല്ലോ.

ഭഗവൻ! അവിടുന്നെന്താണനുഗ്രഹിക്കുന്നതു്? ഞാനെന്താണു തരേണ്ടതു?

ശക്രൻ—മഹത്തരമായിരിക്കുന്ന ഭിക്ഷയെയാണ് ഞാനർത്ഥിക്കുന്നതു്.

കർണ്ണൻ—ഞാൻ അവിടേക്കു മഹത്തരമായിരിക്കുന്ന ഭിക്ഷ നല്കാമല്ലോ. എന്റെ വിഭവങ്ങൾ കേട്ടാലും—

നന്നായുള്ളമൃതൊത്ത പാലനുദിനം
        വർഷിപ്പതായർത്ഥികൾ-
ക്കെന്നാളും കൊതിചേർപ്പതായ്, തരുണമാ,-
        യത്യന്തസംശുദ്ധമായ്,
പൊന്നാൽ കൊമ്പു പൊതിഞ്ഞു, വത്സഗണമൊ
        ത്തഞ്ചുന്ന ഗോമണ്ഡലം
തന്നാലായതു തുഷ്ടിയെങ്കിലവിടെ-
        ക്കോരായിരം ഞാൻ തരാം. വൃ

ശക്രൻ—ഗോമണ്ഡലമോ; അല്പകാലം പാൽകുടിക്കാൻ കൊള്ളാം: വേണ്ട, കർണ്ണ! എനിക്ക വേണ്ട.

കർണ്ണൻ—അവിടെക്കതു വേണ്ടേ? ഇതു കൂടിക്കേട്ടാലും-

കതിരവകുതിരശ്രീയാർന്നു, കാറ്റൊത്ത വേഗാൽ
ക്ഷിതിപതികൾ കൊതിക്കുംമട്ടിലുൽകൃഷ്ടമായി,
അതിഗുണമൊട്ടു, പോരിൽ പ്രൗഢി പെട്ടന്നു കാട്ടും
കുതിരകളെയസംഖ്യം സത്വരം ഞാൻ തരാം തേ.

ശക്രൻ—കുതിരകളോ; അല്പംനേരം പുറത്തുകയറിയിരിക്കാം; വേണ്ട, കർണ്ണ! എനിക്ക വേണ്ട.

കർണ്ണൻ—അവിടെയ്ക്കതു വേണ്ടേ; മറ്റൊന്നു കൂടി കേട്ടാലും-

മദമ്പാടേന്തീട്ടും കരടവുമളിക്കൂട്ടവുമിയ- ന്ന്,
ന്നമഞ്ചൽഗോത്രേശപ്രകരസുഷമാസംവലിതമാ
ന്നദഭ്രമേഘശ്രീയായ്, സിതനഖരദന്തപ്രഭയുമാ-
മിദം ഹസ്തിവ്രാതം വിജയജനകം ഞാനരുളുവൻ.

ശക്രൻ—ആനകളോ; കുറച്ചുനേരം പുറത്തുകയറിയിരിക്കാം; വേണ്ട, കർണ്ണ! എനിക്കു വേണ്ട.

കർണ്ണൻ—അവിടെക്കതു വേണ്ടേ? വേറൊന്നുകൂടി കേട്ടാലും. കണക്കില്ലാതെ കനകം തരാം.

ശക്രൻ—മേടിച്ചു പൊയ്ക്കൊള്ളാം. (അല്പംപോയിട്ട്) വേണ്ട, കർണ്ണ! എനിക്കു വേണ്ട.

കർണ്ണൻ—അങ്ങിനെ ആണെങ്കിൽ, ജയിച്ചുഭൂമിയെ ദാനംചെയ്യാം.

ശക്രൻ—ഭൂമികൊണ്ടു ഞാനെന്താണ് ചെയ്യേണ്ടത്?

കർണ്ണൻ—എന്നാൽ അഗ്നിഷ്ടോമഫലം തരാം.

ശക്രൻ—അഗ്നിഷ്ടോമഫലംകൊണ്ടെന്താണു കാര്യം?

കർണ്ണൻ—എന്നാലെൻറ തലതന്നെ തരാം.

ശക്രൻ—അയ്യോ! അയ്യോ!!

കർണ്ണൻ—അരുതേ, അവിടുന്നു പേടിക്കരുതേ! ഭഗവാൻ പ്രസാദിക്കണേ! വേറൊന്നുകൂടി കേട്ടാലും!

എന്ദേഹത്തിന്റെ രക്ഷയ്ക്കിവനിഹ ജനിയാർ-
ന്നപ്പോഴേതന്നെയാത്തം
സംഭേദിക്കാത്തതായിട്ടവയവസഹിതം
ജാതമാണീത്തനുത്രം;
എന്നാലും പ്രീതിപൂർവ്വം കനകമയമഹാ-
കുണ്ഡലദ്വന്ദ്വമൊന്നി-
ച്ചിന്നേകീടാം മടിക്കാതുടനതുമവിടെക്കി-
ഷ്ടമായ്ത്തീരുമെന്നാൽ.

ശക്രൻ— (സന്തോഷത്തോടുകൂടി) തന്നാലും! തന്നാലും!

കർണ്ണൻ—(വിചാരം) ഇതുതന്നെയാണിവന്റെ ആഗ്രഹം, മഹാകള്ളനായ കൃഷ്ണന്റെ ഉപായമായിരിക്കുമോ ഇതു്? അങ്ങിനെയുമായ്ക്കൊള്ളട്ടെ; അതുകൊണ്ടെന്താണ്? ഛേ! അനുശോചിക്കുന്നതു നന്നല്ല. സംശയമില്ല. (സ്പഷ്ടം) മേടിച്ചാലും!

ശല്യൻ—അംഗരാജ! കൊടുക്കരുതു്, കൊടുക്കരുതു്.

കർണ്ണൻ—ശല്യരാജ! വേണ്ട, വേണ്ട, തടയേണ്ട. എന്തെന്നാൽ,

കാലാന്തരത്തി,ലറിവൊക്കെ നശിച്ചിടുന്നു;
സാലാളിതൻ കട പുഴങ്ങി മറിഞ്ഞിടുന്നു;

കീലാലപൂർണ്ണനദിയും വരളുന്നു; ലോപ-
മേലാതെ നില്പു നിയതം ഹൃതദത്തജാതം. ൨൧

അതുകൊണ്ടു മേടിച്ചാലും! (പൊളിച്ചുകൊ
ടുക്കുന്നു).

ശക്രൻ—(മേടിച്ചിട്ടു, വിചാരം) ഇവ കിട്ടി; പ
ണ്ടേതന്നെ അർജ്ജുനന്റെ ജയത്തിനുവേ
ണ്ടി എല്ലാ ദേവന്മാരാലും സമർത്ഥിതമാ
യിരുന്നതെന്താണോ, അതിപ്പോൾ എ
ന്നാൽ അനുഷ്ഠിതമായി. അതുകൊണ്ടുഞാ
നും ഐരാവതത്തിന്റെ പുറത്തു കയറി, അ
ർജ്ജുനനും, കർണ്ണനുംകൂടി യുദ്ധംചെയ്യുന്നതു
കണ്ടുകളയാം (പോയി)

ശല്യൻ—അംഗരാജ! അങ്ങു വഞ്ചിക്കപ്പെട്ടു
പോയി.

കർണ്ണൻ—ആരാണെന്നെ വഞ്ചിച്ചതു്?

ശല്യൻ—ഇന്ദ്രൻ.

കർണ്ണൻ—അല്ല, ഞാനിന്ദ്രനെയാണ് വഞ്ചി
ച്ചതു്?
എന്തെന്നാൽ,

എന്നാൽതാൻ ധന്യനായീ സുരവര, നവനീ-
ദേവയാഗാജ്യഭാഗം
നന്നായുണ്ണുന്നവൻ, വൻദനുജസമുദയോ-
ദ്ഭൂതവിദ്ധ്വംസദക്ഷൻ,

അന്നാക ശ്രീഗജാസ്ഫാലനകരിനകരൻ,
പുത്രനാം പാർത്ഥനോടൊ–
ത്തെന്നാലും തൃപ്തിതെല്ലും നിജഹൃദി പുലരാ–
ത്തോരു പാകപ്രമാഥി. ൩൩

(ബ്രാഹ്മണരൂപത്തിൽ പ്രവേശിച്ചിട്ട്)

ദേവദൂതൻ— അല്ലയോ കർണ്ണ! കവചവും കുണ്ഡലങ്ങളും വാങ്ങിയതിനാൽ പശ്ചാത്തപിക്കുന്ന ദേവേന്ദ്രൻ അങ്ങയെ അനുഗ്രഹിച്ചിരിക്കുന്നു. പാണ്ഡവന്മാരിൽ ഒരാളെ കൊല്ലുന്നതിനു സമർത്ഥമായിട്ടും, 'വിമല' എന്ന ശക്തിയായിട്ടും ഉള്ള ഈ അസ്ത്രത്തെ ഗ്രഹിച്ചാലും!

കർണ്ണൻ— ഛേ! ഞാൻ ദാനംചെയ്യുതിനു പകരം വാങ്ങുകയില്ല.

ദേവദൂതൻ— എങ്കിലും ബ്രാഹ്മണവചനമാക കൊണ്ടു ഭവാൻ സ്വീകരിച്ചാലും!

കർണ്ണൻ— ബ്രാഹ്മണവചനമെന്നോ! അതിനെ ഞാൻ ഒരിക്കലും അതിക്രമിച്ചിട്ടില്ല. എപ്പോൾ കിട്ടും?

ദേവദൂതൻ— അങ്ങെപ്പോൾ വിചാരിക്കുന്നുവോ, അപ്പോൾ കിട്ടും.

കർണ്ണൻ— ആകട്ടെ, ഞാൻ അനുഗൃഹീതനായി

രിക്കുന്നു. ഭവാനു പോകാം.

ദേവദൂതൻ—അങ്ങിനെതന്നെ (പോയി)

കർണ്ണൻ—ശല്യരാജ! നമുക്ക രഥത്തിൽ കയറാം.

ശല്യൻ—അങ്ങിനെതന്നെ (രണ്ടുപേരും രഥത്തിൽ കയറുന്നതായി നടിക്കുന്നു)

കർണ്ണൻ—ആഹാ! എന്തോ ഒരു ശബ്ദം കേൾക്കുന്നതുപോലെ തോന്നുന്നു. ഇതെന്താണു്?

ലോകം നശിക്കുമാറു വാഴിയിരമ്പിടും പോൽ
കേൾക്കുന്നു ശംഖരവമാരു മുഴക്കിയാവോ! [ട്ടൻ—
ശ്രീകൃഷ്ണനോ, വിജയനോ, ശശി; പാർത്ഥനോ
തോൽക്കുന്നതോർത്തടരിനായ് തുടരുന്നതത്രേ. ൧൪

ശല്യരാജ! ആ അർജ്ജുനൻ എവിടെയാണെന്നുവെച്ചാൽ, അവിടെക്കുതന്നെ എൻെറ തേർ തെളിക്കു!

ശല്യൻ—അങ്ങിനെതന്നെ

(ഭരതവാക്യം)

സമ്പത്തു സർവ്വത്ര പടർന്നിടട്ടേ;
സദാ നശിക്കട്ടെ വിപൽസമൂഹം;
നിതാന്തമമ്മസ്സു നികേതമാക-
മസ്മന്നൃപൻ ഭൂമി ഭരിച്ചിടട്ടെ!

(രണ്ടുപേരും പോയി)

കർണ്ണഭാരം കഴിഞ്ഞു.

UNIVERSITY LIBRARY
25 JUL 19[illegible]
MADRAS

MUL
051127